⇨ *2017 ഒക്ടോബർ 20ന് ആണ് സംസ്ഥാന സർക്കാർ ഓർഡിനൻസ് പുറത്തിറക്കിയത്* ⇨

# നിക്ഷേപകർ വരട്ടെ, ജനാധിപത്യം തുലയട്ടെ

വ്യവസായ സംരംഭങ്ങൾക്കുള്ള നിയമങ്ങൾ ലളിതമാക്കിയും നിയന്ത്രണങ്ങൾ ലഘൂകരിച്ചും ഉടമയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്ക് മുന്നോട്ടു വെച്ച ആശയത്തെ പിന്തുടർന്ന് ജനാധിപത്യത്തെ അട്ടിമറിക്കുകയാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലൂടെ സംസ്ഥാന സർക്കാർ ചെയ്യുന്നതെന്ന് വിശദമാക്കുന്നു

**നീതുദാസ്**

**ആഗോള** ധനകാര്യ സ്ഥാപനങ്ങളുടെ അളവുകോലുകൾക്ക് അനുസരിച്ചും ജനാധിപത്യത്തിന്റെ അന്തഃസത്തയെ മറന്നുകൊണ്ടും നിയമങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്'. വ്യവസായങ്ങൾക്ക് നിലവിലുള്ള നിരവധി നിയമങ്ങൾക്ക് കീഴിൽ ആവശ്യമായി വരുന്ന ലൈസൻസുകൾ, അനുമതികൾ, ക്ലിയറൻസുകൾ എന്നിവ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായാണ് 2017 ഒക്ടോബർ 20ന് സംസ്ഥാന സർക്കാർ ഓർഡിനൻസ് പുറത്തിറക്കിയിട്ടുള്ളത്. ഇതിനായി കേരള പഞ്ചായത്തീരാജ് നിയമം, ഭൂഗർഭജല നിയമം, ചുമട്ടുതൊഴിലാളി നിയമം, ഏകജാലക ക്ലിയറൻസ് നിയമം തുടങ്ങി ഏഴോളം നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ വരുന്നതരത്തിൽ ഭേദഗതി വരുത്തിക്കഴിഞ്ഞു. വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നതിന്റെ അടിസ്ഥാനത്തിൽ രാജ്യാന്തരതലത്തിലും ദേശീയതലത്തിലും നടത്തുന്ന റാങ്കിങ്ങിൽ സംസ്ഥാനത്തിന്റെ നിലമെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ഇത്തരത്തിലുള്ള ഒരു ഓർഡിനൻസ് പുറത്തിറക്കുന്നത്.

വ്യവസായ സംരംഭങ്ങൾക്കുള്ള നിയമങ്ങൾ ലളിതമാക്കിയും നിയന്ത്രണങ്ങൾ ലഘൂകരിച്ചും ഉടമയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്ക് മുന്നോട്ടുവെച്ച ആശയമാണ് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ് ഇൻഡെക്സ്'. ഇതിനനുസരിച്ച് ലോക ബാങ്ക് രാജ്യങ്ങൾക്ക് റാങ്ക് നൽകി വരുന്നുമുണ്ട്. 'ഈസ് ഓഫ് ഡൂയിങ് ബിസിനസ് ഇൻഡെക്സ്' എന്ന ഈ കണക്കെടുപ്പിനെ സംസ്ഥാനത്തിന്റെ വ്യവസായ വികസന സാധ്യത കണക്കാക്കാൻ സഹായിക്കുന്ന അളവുകോലായി വ്യവസായ വകുപ്പും ഇപ്പോൾ പരിഗണിക്കാൻ തുടങ്ങിയിരിക്കുന്നു. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, സ്ഥലം രജിസ്റ്റർ ചെയ്യൽ, വായ്പ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, നിക്ഷേപകർക്കുള്ള സംരക്ഷണം തുടങ്ങിയവക്ക് വേണ്ടിവരുന്ന സമയക്രമത്തിന് അനുസരിച്ചാണ് ലോകബാങ്ക് രാജ്യങ്ങൾക്ക് റാങ്കുകൾ നൽകുന്നത്. റാങ്കിങ്ങിൽ 2017ൽ 130–ാം സ്ഥാനത്തായിരു

ന്ന ഇന്ത്യ 2018ൽ 100-ാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. ലോകബാങ്കിന്റെ സഹകരണത്തോടെ കേന്ദ്ര വ്യവസായ വകുപ്പ് ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കിടയിലും ഇത്തരത്തിലുള്ള ഒരു റാങ്കിംഗ് നടത്തുന്നുണ്ട്. ഈ റാങ്കിങ്ങിൽ കേരളം 2015ൽ 18-ാം സ്ഥാനത്തായിരുന്നെങ്കിൽ 2016ൽ അത് 20 ആവുകയുണ്ടായി. റാങ്കിംഗിൽ പിന്നോട്ട് പോകാനിടയായ സാഹചര്യം എങ്ങനെയുണ്ടായി എന്ന് വളരെ ഗൗരവത്തോടെ പരിശോധിക്കാൻ വ്യവസായ വകുപ്പ് താത്പര്യമെടുത്തു. വ്യവസായങ്ങൾക്ക് തടസ്സമില്ലാതെ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാതെ ഇതിനെ മറികടക്കാൻ കഴിയില്ല എന്ന വിലയിരുത്തലിലാണ് വ്യവസായ വകുപ്പ് എത്തിച്ചേർന്നത്. ഈ പശ്ചാത്തലത്തിലാണ് നിയമസഭ കൂടാതിരിക്കുന്ന വേളയിൽ തന്നെ ഒരു ഓർഡിനൻസിലൂടെ തിടുക്കത്തിൽ നിയമങ്ങൾ ഭേദഗതി ചെയ്ത് വ്യാവസായിക നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷമൊരുക്കാൻ സർക്കാർ തീരുമാനിച്ചത്.

സംസ്ഥാനത്തിന്റെ വികസനത്തെ അല്ലെങ്കിൽ സാമ്പത്തിക വളർച്ചയെ അല്ലെങ്കിൽ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്നോട്ടടിക്കുന്ന ഘടകങ്ങളെക്കുറിച്ച് ഇതിനിടയിൽ തന്നെ സംസ്ഥാന സർക്കാർ വിലിയിരുത്തി കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൗൺ പ്ലാനിങ് വകുപ്പ്, ആരോഗ്യ വകുപ്പ്, പി.സി.ബി, അഗ്നിശമനസേനാ വകുപ്പ്, മൈനിങ് ആന്റ് ജിയോളജി വകുപ്പ് എന്നിവയാണ് പ്രതിപ്പട്ടികയിൽ. വ്യവസായ അനുമതിക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിൽ ഈ വകുപ്പുകൾ വരുത്തുന്ന കാലതാമസമാണ് സംസ്ഥാനത്തെ പിന്നോട്ടടിക്കുന്നത് എന്നതാണ് വ്യവസായ വകുപ്പ് എത്തിച്ചേർന്നിരിക്കുന്ന നിഗമനം. നിലവിലുള്ള നിയമങ്ങൾ വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പ്രതികൂലമാണ് എന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമങ്ങൾ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' എന്ന മാനദണ്ഡം വഴി തിരുത്തുന്നതിനായി സർക്കാർ ഓർഡിനൻസ് ഇറക്കിയത്.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് ഇൻഡെക്സിൽ സംസ്ഥാനത്തിന്റെ റാങ്ക് മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല സർക്കാർ ഏൽപ്പിക്കപ്പെട്ടിരുന്നത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് (കെ.എസ്.ഐ.ഡി.സി) മേലാണ്. ഇതിനായി നിലവിലെ നിയമങ്ങൾ ഉടച്ചുവാർത്ത് പരിഷ്കരിക്കുന്നതിനുള്ള പഠനങ്ങൾ കെ.എസ്.ഐ.ഡി.സി 2016 ജൂൺ മുതൽ തന്നെ തുടങ്ങി. ഇരുപത് വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നിയമങ്ങളും ചട്ടങ്ങളും നടപടികളും പരിശോധിച്ച കോർപ്പറേഷൻ അതിന്റെ പൂർണ്ണറിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നത് 2016 നവംബർ 22നാണ്. ഈ റിപ്പോർട്ട് 2017 ഏപ്രിൽ 5ന് മന്ത്രിസഭ അംഗീകരിക്കുകയും ഒക്ടോബർ 20ന് ഓർഡിനൻസ് പുറത്തിറക്കുകയും ചെയ്യുകയായിരുന്നു. ഒരു സംരംഭത്തിനുള്ള അപേക്ഷ നൽകി 30 ദിവസത്തിനുള്ളിൽ അനുമതി നൽകുക എന്നതാണ് ഈ ഓർഡിനൻസിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അപേക്ഷയിൽ അപാകതകളോ, രേഖകളുടെ അഭാവങ്ങളോ ഉണ്ടെങ്കിൽ അത് സംരംഭകന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അഞ്ച് ദിവസത്തിനുള്ളിൽ രേഖകൾ ഹാജരാക്കുന്ന പക്ഷം നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും വേണം. 30 ദിവസത്തിനുള്ളിൽ അനുമതി പൂർണ്ണമായോ ഭാഗികമായോ നൽകാത്ത പക്ഷം സംരംഭകന് അപേക്ഷയിൽ ആവശ്യപ്പെട്ട കാലഘട്ടത്തിലേക്ക് കൽപ്പിത അനുമതി ലഭിക്കും. വകുപ്പുതല നടപടികൾ ഏകോപിപ്പിച്ച് അനുമതി നൽകുന്നതിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് വ്യവസായ വകുപ്പ് 2017 ഒക്ടോബർ 12ന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതൊക്കെ സാധ്യമാകുന്ന തരത്തിൽ നിലവിലുള്ള 'തടസ്സങ്ങൾ' നീക്കുകയാണ് നിയമങ്ങൾ ഭേദഗതി വരുത്തുന്നതിലൂടെ സർക്കാർ ചെയ്തിട്ടുള്ളത്.

ചുമട്ടുതൊഴിൽ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട കയറ്റിറക്ക് ജോലികൾ ഉടമക്ക് സ്വയമോ സ്വന്തം തൊഴിലാളികളെ/യന്ത്രങ്ങളെ ഉപയോഗിച്ചോ ചെയ്യാവുന്നതാണ്. പ്രദേശത്തെ ചുമട്ട് തൊഴിലാളികൾക്ക് കയറ്റിറക്ക് ജോലികൾ നൽകിയിരിക്കണമെന്ന ബാധ്യതയിൽ നിന്ന് സ്ഥാപന ഉടമകളെ സ്വതന്ത്രമാക്കുന്നതാണ് നിലവിലെ ഭേദഗതി. നോക്കുകൂലി ഒഴിവാക്കുന്ന തരത്തിലുള്ള ഭേദഗതിയും നിയമത്തിൽ കൊണ്ടുവന്നിട്ടുണ്ട്. സ്ഥാപന ഉടമ സേവനങ്ങൾ ഉപയോഗിക്കുന്നെങ്കിൽ മാത്രമേ ചുമട്ട് തൊഴിലാളികൾക്ക് കൂലി നൽകേണ്ടതുള്ളൂവെന്ന് ഓർഡിനൻസ് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തൊഴിലാളി യൂണിയനുകളുമായി കൂടിയാലോചിക്കാതെയുള്ള ഭേദഗതി സംരംഭകരെ സംരക്ഷിക്കാൻ വേണ്ടി മാത്രമുള്ളതാണെന്നും സംസ്ഥാനത്തെ പതിനായിരക്കണക്കിന് ചുമട്ടു

തൊഴിലാളികളെ നിയമം പ്രതികൂലമായി ബാധിക്കുമെന്നും വിലയിരുത്തപ്പെടുന്നുണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ കെട്ടുകാഴ്ചകളൊരുക്കുന്ന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ അധികാരങ്ങൾ പോലും സംരക്ഷിക്കുന്നതിൽ തത്പരരല്ലയെന്നതിന് അടിവരയിടുന്ന തരത്തിലാണ് ഓർഡിനൻസിൽ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിരിക്കുന്നത്. പരിമിതികൾ ഏറെയുണ്ടെങ്കിലും ഒരു പ്രദേശത്തെ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ അവിടുത്തെ ജനങ്ങൾക്ക് നേരിട്ട് സ്വാധീനം ചെലുത്താൻ കഴിയും വിധം ജനാധിപത്യമൂല്യങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായിരുന്നു നിലവിലെ പഞ്ചായത്തീരാജ് നിയമം. കൊക്കക്കോള കമ്പനിയുടെ ലൈസൻസ് പുതുക്കാതിരിക്കാൻ പെരുമാട്ടി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിനെ ചോദ്യം ചെയ്താണ് കമ്പനി സുപ്രീം കോടതി വരെ എത്തിയത്. അന്ന് ലൈസൻസ് പുതുക്കേണ്ടതില്ലെന്ന് തീരുമാനിക്കാൻ പഞ്ചായത്തിന് നിയമാധികാരം ഉണ്ടായിരുന്നു. ഏറ്റവും പരിമിതവും അടിസ്ഥാനതലത്തിൽ ഉള്ളതുമായ ഇത്തരം അധികാരങ്ങൾക്ക് മേൽ കൈകടത്തിക്കൊണ്ടുള്ളതാണ് പുതിയ ഓർഡിനൻസ്. ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഗ്രാമസഭകളിലേക്കും ഊരുകൂട്ടങ്ങളിലേക്കും അധികാരം കൈമാറ്റം ചെയ്യപ്പെടേണ്ടതുണ്ടെന്ന ആവശ്യം ശക്തമായിക്കൊണ്ടിരിക്കുന്ന കാലത്ത് സംസ്ഥാന സർക്കാറിന്റെ നീക്കം നേരെ എതിർദിശയിലേക്കാണ്. തദ്ദേശജനതക്ക് താത്പര്യമില്ലാത്തതോ ആശങ്കയുള്ളതോ ആയ പദ്ധതികൾ ബലപ്രയോഗത്തിലൂടെ നടപ്പിലാക്കപ്പെടുന്നതിന്റെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് ഭരണസമിതികൾ വേണ്ടെന്ന് തീരുമാനിച്ച പദ്ധതികൾ നടപ്പാക്കുന്നതിൽ നിന്ന് സംസ്ഥാന സർക്കാർ വിട്ടുനിൽക്കുന്നില്ലെന്ന് മാത്രമല്ല, എതിർപ്പിന്റെ കാരണങ്ങളെ പരിഗണിക്കാൻ കൂടി തയ്യാറാകുന്നില്ല. പുതുവൈപ്പിനിൽ നമ്മൾ കണ്ടത് ഇതാണ്. ഐ.ഒ.സി പ്ലാന്റ് പുതുവൈപ്പിനിൽ വേണ്ട എന്ന പ്രമേയം പാസാക്കിയ എളങ്കുന്നപ്പുഴ പഞ്ചായത്തിന്റെ പ്രസിഡന്റിനെയും മെമ്പർമാരെയും സംസ്ഥാന പോലീസ് തെരുവിൽ തല്ലുന്ന കാഴ്ച നമ്മൾ കണ്ടതാണ്. ഈ ഒരു സാഹചര്യം നിലനിൽക്കവെയാണ് പഞ്ചായത്തീരാജ് നിയമങ്ങൾ വീണ്ടും വ്യവസായ സംരംഭകർക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നതരത്തിൽ മാറ്റിയെഴുതാൻ സർക്കാർ ആലോചിക്കുന്നത്.

> പഞ്ചായത്തീരാജ് നിയമത്തിന്റെ 232 –ാം വകുപ്പ് അപകടകരവും കുറ്റകരവുമായ വാണിജ്യവും വ്യവസായങ്ങളും സംബന്ധിച്ചതായിരുന്നു. വകുപ്പിന്റെ തലക്കെട്ട് മാറ്റി പകരം വ്യവസായങ്ങൾ, ട്രെയ്ഡ്സ്, സംരഭകപ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. മനുഷ്യ ജീവനും ആരോഗ്യത്തിനും സ്വത്തിനും അപകടകരവും കുറ്റകരവുമായതെന്ന് സർക്കാർ കരുതുന്ന ഉദ്ദേശ്യങ്ങൾ എന്ന ഭാഗവും വകുപ്പിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

രണ്ടാം ജനകീയാസൂത്രണ പദ്ധതിയുടെ പ്രഖ്യാപനം കോടികൾ മുടക്കി ആഘോഷപൂർവ്വം നടത്തുന്ന സർക്കാർ ജനകീയാസൂത്രണത്തിന്റെ അന്തഃസത്ത തന്നെ മറന്നിരിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. നിലവിലെ ഓർഡിനൻസ് ഒരു തുടർച്ച മാത്രമാണ്. രാഷ്ട്രീയഭേദമന്യേ കേന്ദ്രത്തിലും സംസ്ഥാനത്തും ഇരിക്കുന്ന സർക്കാരുകൾ തുടർന്നുപോകുന്ന അധികാര കേന്ദ്രീകരണത്തിന്റെയും വികസനരാഷ്ട്രീയത്തിന്റെയും തുടർച്ച.

കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ 232-ാം വകുപ്പ് അപകടകരവും കുറ്റകരവുമായ വാണിജ്യവും വ്യവസായങ്ങളും സംബന്ധിച്ചതായിരുന്നു. വകുപ്പിന്റെ തലക്കെട്ട് മാറ്റി പകരം വ്യവസായങ്ങൾ, ട്രെയ്ഡ്സ്, സംരഭകപ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. മനുഷ്യ ജീവനും ആരോഗ്യത്തിനും സ്വത്തിനും അപകടകരവും കുറ്റകരവുമായതെന്ന് സർക്കാർ കരുതുന്ന ഉദ്ദേശ്യങ്ങൾ എന്ന ഭാഗവും വകുപ്പിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. തദ്ദേശജനതയെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകേണ്ടതില്ലെന്ന രീതിയിൽ സ്വതന്ത്രമായി വിട്ടിരിക്കുകയാണ്.

ഒരു വ്യവസായത്തിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ പഞ്ചായത്തിന് ഉള്ള അധികാരം എടുത്തുകളഞ്ഞതാണ് മറ്റൊരു പ്രധാന ഭേദഗതി. വ്യവസായങ്ങൾക്കോ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ അനുമതി നൽകുന്നത് സംബന്ധിച്ച വകുപ്പ് പ്രകാരം സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ചെയ്യേണ്ടത് ഇത്രമാത്രം: അപേക്ഷ ല

ഭിച്ച സമയം തന്നെ അതിന് എക്ക്നോളഡ്ജ്മെന്റ് നൽകുകയും, ആവശ്യമുള്ള രേഖകൾ പരിശോധിക്കുകയും ചെയ്യണം. ആവശ്യമുള്ള രേഖകളിൽ എന്തെങ്കിലും സമർപ്പിക്കാത്ത പക്ഷം അത് അപേക്ഷകനെ അറിയിക്കുകയും, രേഖകൾ സമർപ്പിക്കാൻ അഞ്ച് ദിവസം സമയം നൽകുകയും വേണം. അപേക്ഷ ലഭിച്ചതിന് ശേഷം സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ആളോ ഗ്രാമപഞ്ചായത്തിൽ അന്വേഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും വേണം. വ്യവസായമോ ഉത്പാദന പ്ലാന്റോ യന്ത്രമോ സ്ഥാപിക്കുന്നതിന് ജനസാന്ദ്രത, മലിനീകരണം, മറ്റ് ശല്യങ്ങൾ എന്നീ കാരണങ്ങളാൽ തടയേണ്ടതാണോ എന്ന് പഞ്ചായത്തിനോട് അന്വേഷിക്കുകയാണ് വേണ്ടത്. അപേക്ഷയും സെക്രട്ടറിയുടെ റിപ്പോർട്ടുകളും പരിശോധിച്ചതിന് ശേഷം 30 ദിവസത്തിനുള്ളിൽ പൂർണ്ണമായോ അല്ലെങ്കിൽ നിബന്ധനകൾക്ക് വിധേയമായോ അനുമതി നൽകുക മാത്രമാണ് പഞ്ചായത്ത് ഭരണസമിതിക്ക് ചെയ്യാൻ കഴിയുക. വകുപ്പിൽ നിന്ന് അപേക്ഷക്ക് അനുമതി നിരസിക്കുക എന്ന പദം ഒഴിവാക്കിയിരിക്കുകയാണ്. അതായത് അപേക്ഷയും അതിന്മേൽ സെക്രട്ടറിയുടെ റിപ്പോർട്ടും കിട്ടിക്കഴിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടത് ഇത്രമാത്രം: ഏറ്റവും വേഗത്തിൽ, കൂടിപ്പോയാൽ 30 ദിവസത്തിനുള്ളിൽ പൂർണ്ണമായോ നിബന്ധനകൾക്കനുസരിച്ചോ അനുമതി നൽകുക. അനുമതി കൊടുക്കുന്നതിനോ തള്ളുന്നതിനോ മുമ്പ് വിവിധ നിയമങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ട രേഖകളെക്കുറിച്ചുള്ള വകുപ്പിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ഇനിമുതൽ ആശുപത്രികൾക്കോ ക്ലിനിക്കുകൾക്കോ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കോ മറ്റ് ആരോഗ്യ പരിപാലന സംവിധാനങ്ങൾക്കോ മാത്രമേ ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി ആവശ്യമുള്ളു. സ്ഥാപിക്കപ്പെടുന്ന യന്ത്രങ്ങൾ 25 കുതിരശക്തിക്ക് മുകളിലാണെങ്കിലോ അല്ലെങ്കിൽ അതിന്റെ പ്രകൃതം മലിനീകരണത്തിനോ മറ്റ് ഉപദ്രങ്ങൾക്കോ കാരണമാകുമെന്നതിനാലോ ആണ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി എല്ലാ വ്യവസായങ്ങൾക്കും ആവശ്യമാണെന്ന വ്യവസ്ഥ ഉണ്ടായിരുന്നത്. എന്നാൽ കേവലം ആരോഗ്യപരിപാലന സംവിധാനങ്ങൾക്ക് മാത്രമായി അനുമതി പരിമിതപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയുടെ യുക്തി, മലിനീകരണത്തിന് കാരണമാകുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ മാത്രമേ ഉതകൂ. മലിനീകരണത്തിന് കാരണമാകില്ലായെന്ന് വ്യവസായ വകുപ്പിലെയോ പിസിബിയിലെയോ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നൽകുന്നപക്ഷം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്, ഭേദഗതിക്ക് മുമ്പുതന്നെ സാധുതയില്ലായിരുന്നു. മലിനീകരണത്തിന് കാരണമാകുന്ന വ്യവസായങ്ങൾക്കുമേൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ട സാഹചര്യം നിലനിൽക്കുമ്പോഴും സർക്കാർ ഇക്കാര്യത്തിൽ അലംഭാവം തുടരുകയാണ്.

ഭേദഗതി അനുസരിച്ച് മലിനീകരണം അടക്കമുള്ള വിഷയങ്ങളിൽ ഗ്രാമപഞ്ചായത്തിന് വിഗദ്ധാഭിപ്രായങ്ങൾ തേടണമെങ്കിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെത്തന്നെ ആശ്രയിക്കേണ്ടിവരും. സർക്കാരിതരസംഘടനകളോ ജനകീയസമിതികളോ നടത്തുന്ന പഠനങ്ങളെ ഇനിമുതൽ പരിഗണിക്കേണ്ടതില്ലെന്നാണ് സംസ്ഥാന സർക്കാരിന്റെ നയം. കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും കൂത്തരങ്ങായി പി.സി.ബിയും ഭൂഗർഭജലവകുപ്പും പോലുള്ള സർക്കാർ സംവിധാനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും തെളിവുകൾ സഹിതം പലതവണ ഉന്നയിക്കപ്പെട്ടിട്ടും ഇത്തരം സ്ഥാപനങ്ങളിൽ അഴിച്ചുപണി നടത്താതെ, ജനകീയസമിതികളുടെയും സർക്കാരിതര സംഘടനകളുടെയും പഠനങ്ങളിൽ അവിശ്വാസ്യത കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത്തരം സർക്കാർ സംവിധാനങ്ങൾ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഉത്തരവാദിത്തംമാത്രം നിർവ്വഹിച്ചാൽ മതിയെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കുന്ന സാഹചര്യത്തിൽ പി.സി.ബി പോലുള്ള സർക്കാർ സംവിധാനങ്ങളുടെ പഠന റിപ്പോർട്ടുകൾ പൊതുജനതാൽപര്യത്തിന് എതിരാകും എന്നതിൽ സംശയമില്ല. ജനപക്ഷത്ത് നിലയുറപ്പിക്കേണ്ട എല്ലാ ഭരണസംവിധാനങ്ങളെയും വിദഗ്ധസ്ഥാപനങ്ങളേയും വ്യവസായ സംരംഭങ്ങൾക്ക് അനുകൂലമായ അന്തരീക്ഷമൊരുക്കുന്നതിനുള്ള ഏജൻസികളായി പരിവർത്തിപ്പിക്കുകയാണ് ഫലത്തിൽ ഈ ഓർഡിനൻസിലൂടെ നടക്കാൻ പോകുന്നത്. ഇതിനകം തന്നെ കോർപ്പറേറ്റ് മൂലധനവ്യവസ്ഥയ്ക്ക് കീഴ്പ്പെട്ടുകഴിഞ്ഞ ഒരു ഭരണക്രമം നിലനിൽക്കുന്ന നമ്മുടെ നാടിനെ സംബന്ധിച്ച് മരിച്ചുകൊണ്ടിരിക്കുന്ന ജനാധിപത്യത്തിന്റെ മേൽ ആഴ്ത്തപ്പെടുന്ന മറ്റൊരു വാളായിത്തന്നെ ഈ ഓർഡിനൻസിനേയും കാണേണ്ടതുണ്ട്.■